# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3861 15.12.2014-ൽ മറുപടിയ്ക്ക്

### അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണിഹാജി | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ കുറ്റവാളികളും, തീവ്രവാദികളും നഴഞ്ഞു കയറുന്നത് തടയുവാനും, നിരോധിച്ച പുകയില ഉല്പന്നങ്ങളും മയക്കുമരുന്നുകളും ഇവരിലൂടെ കൈമാറ്റം ചെയ്യുന്നത് തടയുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) ചെക്ക് പോസ്റ്റുകളിലൂടെയും ട്രെയിനുകളിലൂടെയും അന്യസംസ്ഥാന തൊഴിലാളികൾ നിരോധിച്ച പുകയില ഉല്പന്നങ്ങൾ കൊണ്ടുവരുന്നത് തടയുന്നതിനാവശ്യമായ പരിശോധന നടത്തുന്നുണ്ട്. കുറ്റവാളികളെയും തീവ്രവാദികളെയും കണ്ടുപിടിക്കുന്നതിനു പോലീസ് മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണങ്ങളും നിയമനടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ കൃത്യമായ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ മാത്രം താമസിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (ബി) ആഭ്യന്തര വകുപ്പ് അത്തരത്തിലൊരു നിർദ്ദേശം നൽകിയിട്ടില്ല. |
| (സി) ഇവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ